# മനുഷ്യാ നീ എവിടെ?

## ഉല്പത്തി 3:9

'' യഹോവയായ ദൈവം മനുഷ്യനെ വിളിച്ചു: നീ എവിടെ എന്നു ചോദിച്ചു.''

ഏദെൻ തോട്ടത്തിൽ ആക്കിയ ആദാമിനും ഹവ്വയ്ക്കും എന്തു സംഭവിച്ചു എന്ന് ദൈവംതമ്പുരാന് വ്യക്തമായും, കൃത്യമായും അറിയാമായിരുന്നു. സർവ്വജ്ഞാനിയും സർവ്വചരാചരങ്ങളുടേയും ഉടയവനും, സൃഷ്ടാവുമായ ദൈവം പിന്നെ എന്തുകൊണ്ട് മനുഷ്യനോട് ഇങ്ങനെയൊരു ചോദ്യം ആരാഞ്ഞു എന്ന് ചിന്തിച്ചേക്കാം.

സർവ്വശക്തനായ തമ്പുരാൻ ആദാമിനെ സൃഷ്ടിച്ചു. അവനുവേണ്ടി ഒരു തോട്ടം ഉണ്ടാക്കി. വൃക്ഷഫലങ്ങൾ നൽകി. ഏകനായിരിക്കുന്നത് നന്നല്ല എന്നു കരുതി അവന് തക്കതായ ഒരു തുണയേയും കൊടുത്തു. ദൈവം തന്റെ രൂപത്തിലും, സാദൃശ്യത്തിലും സൃഷ്ടിച്ചുണ്ടാക്കിയ മനുഷ്യന് മൂന്നു വിധമായ കാര്യങ്ങൾ ഏല്പിച്ചുവെന്ന് നമുക്ക് മനസ്സിലാകും. ഒന്നാമതായി അവന് ഒരു കല്പന കൊടുത്തിരുന്നു (ഉല്പത്തി 2:16) നടുവിലുള്ള വൃക്ഷഫലം തിന്നരുത്. രണ്ടാമതായി ഒരു മുന്നറിയിപ്പ് കൊടുത്തു. തോട്ടം കാക്കണം. മൂന്നാമതായി ഒരു ഉത്തരവാദിത്വം. തോട്ടത്തിൽ വേല ചെയ്യണം (ഉല്പത്തി 2:15).

ദൈവം നൽകിയ കല്പനയെ അനുസരിച്ചും, അവന് നൽകിയ താക്കീത് മാനിച്ചും, തനിക്ക് നൽകിയ ജോലി ചെയ്യുക എന്നതായിരുന്നു ദൈവികമായ ഉദ്ദേശ്യം. മനോഹര മായ ദൈവീക കൂട്ടായ്മയുടെ ഒരു സാദൃശ്യം ആയിരുന്നു ഏദെനിൽ അവൻ നൽകിയത്. എന്നാൽ മനുഷ്യൻ തന്റെ പാപം മൂലം ഈ കൂട്ടായ്മയിൽ നിന്നും മാറിപ്പോയി. പിശാച് അവനെ വഞ്ചിച്ചു. തോട്ടം കാക്കണം എന്ന താക്കീത് കൊടുത്തുവെങ്കിൽ, തീർച്ചയായും അതിനെ നശിപ്പിക്കാൻ ഏതോ സാധ്യത ഉണ്ടെന്നും മനസ്സിലാക്കാമായിരുന്നു. പിശാചി നാൽ വഞ്ചിക്കപ്പെട്ട്, ദൈവീക സംസർഗ്ഗവും, കൂട്ടായ്മയും നഷ്ടപ്പെട്ട് പരാജയപ്പെട്ട മനുഷ്യനോട് ദൈവം ചോദിക്കുന്നു ''നീ എവിടെ?''

വളരെയേറെ യുഗങ്ങൾ പിന്നിട്ടു കഴിഞ്ഞ് ഇന്ന് കൃപായുഗത്തിൽ ജീവിക്കുന്ന നമ്മോട് ഓരോരുത്തരോടും ഈ ചോദ്യം ഇന്നും മുഴങ്ങുന്നു. ''നീ എവിടെ?'' നിന്റെ ദൈവവുമായുള്ള കൂട്ടായ്മയിൽ, ബന്ധത്തിൽ, സാന്നിധ്യത്തിൽ എത്രത്തോളം വ്യക്തിപര മായി നിലനിൽക്കാൻ കഴിയുന്നു. ജയമോ? പരാജയമോ? പാപം മൂലം ആദാമിന് നഷ്ടപ്പെട്ടത് യേശുകർത്താവുമൂലം നമുക്ക് തിരികെ നൽകപ്പെട്ടിരിക്കുന്നു. പിതൃപുത്ര പരിശുദ്ധാത്മ ബന്ധത്തിലേക്ക് അവൻ നമ്മെ എതിരേറ്റിരിക്കുന്നു. ഇനി കർത്താവില്ലാതെ ഒരു ജീവിതം അവന്റെ മക്കൾക്ക് സാധ്യമല്ല. ആദിമനുഷ്യനായ ആദാമിന് കൊടുത്തതു പോലെ പുതിയനിയമ വിശ്വാസിക്കും അവൻ കല്പനകളെ തന്നു. ഉത്തരവാദിത്വത്തെ

തന്നു. താക്കീതുകളെ തന്നു. അതേ, ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടെ സ്നേഹിച്ചും അവനായി വിശ്വസ്തതയോടും, സ്ഥിരതയോടും, പ്രത്യാശയോടും അടിയുറച്ച് നിലനിന്നും ക്രിസ്തുവിൽ വളരുക. ദൈവിക സംസർഗ്ഗത്തിൽ നിന്നു നമ്മെ അകറ്റികളയുവാൻ പിശാച് അലറുന്ന സിംഹംപോലെ ഉണ്ടെന്ന മുന്നറിയിപ്പും തമ്പുരാൻ തന്നു. 1 യോഹന്നാൻ 1:5 ൽ പറയുന്നു അവനോട് കൂട്ടായ്മ ഉണ്ട് എന്ന് പറയുകയും, ഇരുട്ടിൽ നടക്കുകയും ചെയ്താൽ നാം ഭോഷ്ക് പറയുന്നു. ''അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ട്.'' ക്രിസ്തുവാകുന്ന വെളിച്ചത്തിൽ കൂടി നടക്കുവാനുള്ള വലിയ അവകാശം ഇന്ന് ലഭിച്ചുവെങ്കിൽ, അതിൽകൂടി തന്നെ നടക്കുവാനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കാം. പരിശുദ്ധാത്മാവ് സത്യപരിജ്ഞാനത്തിൽ നയിക്കുന്നതുപോലെ ജീവിക്കേണ്ട വലിയ ഉത്തരവാദിത്വം നമുക്കുണ്ട്. കർത്താവ് അനുവദിക്കാത്തതിലൊന്നും ലോകമനുഷ്യനെപ്പോലെ സന്തോഷിക്കുവാനുള്ള അധികാരം ഇല്ല. ഇത് തെറ്റിപ്പോകുന്ന വലിയ ഒരു അപകടമേഖല ആകുന്നു.

പാപം മൂലം ഒളിച്ചിരിക്കേണ്ടി വന്ന ആദാമിനെപ്പോലെ ആകാതെ, ഇരുട്ടിന്റെ സകല ബന്ധനത്തിൽ നിന്നും, അധികാരത്തിൽ നിന്നും നമ്മെ വിടുവിച്ചവനായ കർത്താവിനോട് ചേർന്നു വസിക്കാൻ നമ്മെ സമർപ്പിക്കാം. 'നീ എവിടെ?' എന്നു ദൈവം ചോദിച്ചാൽ ഏതുനിമിഷവും അവന്റെ മുമ്പിൽ ധൈര്യത്തോടെ ആ വിളിക്ക് പ്രതികരിക്കാൻ നമ്മെ ഇടയാക്കട്ടെ. കർത്താവുമായുള്ള ബന്ധം, കൂട്ടായ്മ, സാന്നിദ്ധ്യം ഇവയെല്ലാം ദിനം തോറും പുതുക്കപ്പെടുന്ന ഭാവത്തിൽ ക്രിസ്തുയേശുവിനോടു കൂടെ ചേർന്നു ജീവിക്കാൻ കൃപ തരണമേ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

**പരാമർശം:**

യോഹന്നാൻ 14:23

യേശു അവനോടു എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും; എന്റെ പിതാവു അവനെ സ്നേഹിക്കും; ഞങ്ങൾ അവന്റെ അടുക്കൽ വന്നു അവനോടുകൂടെ വാസം ചെയ്യും.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 120**